# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1185**

**10.08.2017-ന് മറുപടിയ്ക്ക്**

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ അടിസ്ഥാന സൗകര്യവികസനത്തിലും ഹൈടെക് സംവിധാനം ഒരുക്കുന്നതിലും നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് സർക്കാരിന് സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിട്ടുള്ളത്; | (എ) | 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനം, ഹൈടെക് സംവിധാനം ഒരുക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കിഫ്ബിയുടെ ധനസഹായത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കുന്നതിന് സംസ്ഥാന തലം മുതൽ സ്കൂൾ തലം വരെ ഏതൊക്കെ സമിതികൾ രൂപീകരിക്കാനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുളളത്; | (ബി) | 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' വിജയിപ്പിക്കുന്നതിന് സംസ്ഥാന തലം മുതൽ സ്കൂൾ തലം വരെ ചുവടെ ചേർക്കുന്ന സമിതികൾ രൂപീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.<br>1. സംസ്ഥാനതല കർമ്മസേന<br>2. കർമ്മസേന നിർവ്വാഹക സമിതി.<br>3. ജില്ലാതല കർമ്മസേന.<br>4. മണ്ഡലതല സമിതി.<br>5. തദ്ദേശസ്വയംഭരണതല കമ്മിറ്റി.<br>6. സ്കൂൾതല കമ്മിറ്റി. |

(സി) പുതിയ സർക്കാർ വന്നതിനു ശേഷം പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ സ്വീകരിച്ച പ്രത്യേക നടപടികൾ എന്തെല്ലാമാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുവേണ്ടി 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ഡി) പ്രീപ്രൈമറി പഠനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; പുതുതായി എന്തൊക്കെ പദ്ധതികളാണ് പ്രീ പ്രൈമറിക്കായി സർക്കാർ ആവിഷ്ക്കരിക്കുന്നത്?

(ഡി) പൂർണ്ണമായും ശിശുകേന്ദ്രീകൃതമായി അംഗൻവാടി, പ്രീപ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥി സമീപന രീതി (പഠനരീതി) ആധുനികമായി പരിഷ്കരിക്കുകയും അതനുസരിച്ച് അദ്ധ്യാപക പരിശീലനം സംഘടിപ്പിക്കുകയും 5 വയസുവരെ കുട്ടി ആർജ്ജിക്കേണ്ട കാര്യങ്ങൾ ആർജ്ജിച്ചു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതിനുതകുന്ന പാഠ്യപദ്ധതി പ്രവർത്തനങ്ങളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്.

സെക്ഷൻ ഓഫീസർ